# പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1256 — 30.01.2018-ൽ മറുപടിക്ക്

## താനൂർ ദേവ്ധാർ ജി.എൽ.പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി

**ചോദ്യം**
**ശ്രീ.വി. അബ്ദുറഹിമാൻ**

**ഉത്തരം**
**പ്രൊഫ. സി. രവീന്ദ്രനാഥ്**
**(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | താനൂർ ദേവ്ധാർ ജി.എച്ച്.എസ്.എസ്. - ലെ യു.പി. വിഭാഗം വേർപ്പെടുത്തി ചുറ്റുമുള്ള മൂന്ന് ജി.എൽ.പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്ന വിഷയം പരിഗണനയിലുണ്ടോ; | (എ) (ബി) & (സി) | ബഹു. ഹൈക്കോടതിയുടെ 18.06.2015 - ലെ 3060/14 - ലെ വിധിന്യായ പ്രകാരം സ്കൂൾ മാപ്പിംഗ് നടത്തി വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തിയ പ്രദേശങ്ങൾ ഉൾപ്പെടുത്തി 20.05.2016 - ലെ അസാധാരണ ഗസറ്റ് 985 -ാം നമ്പരായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുകയും പ്രസ്തുത വിജ്ഞാപനത്തിൽ സൂചിപ്പിച്ചിരുന്നതു പ്രകാരം ബന്ധപ്പെട്ട വിദ്യാഭ്യാസ ആഫീസർമാർ ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ വിഷയം വീണ്ടും സർക്കാർ ആവശ്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ഏറ്റവും അവശ്യം വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തിയ 4 പ്രദേശങ്ങൾ 20.05.2017 - ലെ അസാധാരണ ഗസറ്റ് നമ്പർ 1057, 10.10.2017 - ലെ അസാധാരണ ഗസറ്റ് നമ്പർ 2192 എന്നിവ പ്രകാരം വിജ്ഞാപനം ചെയ്യുകയുണ്ടായി. വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തിയ മറ്റ് 82 സ്ഥലങ്ങളിലെ വിദ്യാർത്ഥികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായ സഹകരണത്തോടെ തൊട്ടടുത്ത സ്കൂളുകളിലേക്ക് വാഹന സൗകര്യം ഏർപ്പെടുത്തുന്നതിനം 09.06.2017 - ലെ സ.ഉ. (സാധാ) നമ്പർ 1813/17/പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.<br>സ്കൂൾ വികസന സമിതിയുടെയും പി.ടി.എ. യുടെയും അപേക്ഷ മേൽപ്പറഞ്ഞ സാഹചര്യത്തിൽ പരിഗണിക്കാൻ നിർവാഹമില്ലാത്തതിനാൽ തീർപ്പാക്കിയിട്ടുണ്ട്.<br>ഈ വിഷയത്തിൽ സർക്കാർ നയപരമായ തീരുമാനം വീണ്ടും കൈക്കൊള്ളുമ്പോൾ ടി ആവശ്യവുമായി ബന്ധപ്പെട്ടവർക്ക് സർക്കാരിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. |
| (ബി) | ഇതു സംബന്ധിച്ച് സ്കൂൾ പി.ടി.എ. യും വികസന സമിതിയും സമർപ്പിച്ച അപേക്ഷയിൽ എന്തെങ്കിലും നടപടിയോ തീരുമാനമോ സ്വീകരിച്ചിട്ടുണ്ടോ; | | |
| (സി) | ദേവ്ധാർ സ്കൂളിന്റെയും സമീപത്തെ ഫീഡിംഗ് സ്കൂളുകളായ ജി.എൽ.പി. സ്കൂളുകളുടെയും നിലവാരം ഉയർത്താൻ സഹായകമാവുന്ന മേൽനടപടിക്ക് അനുവാദം നൽകുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ